# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 198

28.05.2019 ൽ
മറുപടിയ്ക്ക്

## തേഞ്ഞിപ്പലത്തെ പോലീസ് സ്റ്റേഷനും ഫയർ സ്റ്റേഷനും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്. പി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വള്ളിക്കുന്ന് മണ്ഡലത്തിലെ തേഞ്ഞിപ്പലം പോലീസ് സ്റ്റേഷന് സ്വന്തമായി സ്ഥലം ഇല്ലാത്തതിനാൽ ഉടമസ്ഥാവകാശം സർവകലാശാലക്കുതന്നെ നിലനിർത്തിക്കൊണ്ട് സർവകലാശാലയുടെ സ്ഥലത്ത് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുന്നതിന് കാലിക്കറ്റ് സർവകലാശാല സന്നദ്ധമാണെന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; കെട്ടിടം പണിയുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) തേഞ്ഞിപ്പലം പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് സർവ്വകലാശാലയുടെ സ്ഥലം ലഭിക്കുന്നതിനായി മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ നിന്നും കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം സർവ്വകലാശാലയ്ക്ക് തന്നെ നിലനിർത്തിക്കൊണ്ട് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് സർവ്വകലാശാലയുടെ അനുമതി ഉത്തരവ് ലഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ ആവശ്യത്തിലേക്ക് എത്ര സെന്റ് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും ഭൂമിയുടെ സൈറ്റ് പ്ലാൻ, സർവ്വേ/റീ സർവ്വേ നമ്പരുകൾ എന്നിവ കെട്ടിട നിർമ്മാണത്തിന് മുൻപ് അത്യന്താപേക്ഷിതമായതിനാൽ ഇക്കാര്യത്തിൽ വ്യക്തത |

വരുത്തുന്നതിനായി കാലിക്കറ്റ് സർവ്വകലാശാല രജിസ്ട്രാർക്ക് മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ തേഞ്ഞിപ്പലം കേന്ദ്രീകരിച്ച് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് കാലിക്കറ്റ് സർവകലാശാല സ്ഥലം നൽകാമെന്ന് സമ്മതിച്ചുനൽകിയ കത്തിന്റെ പകർപ്പ് സഹിതം ഈ ആവശ്യത്തിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ? | (ബി) തിരൂരങ്ങാടി താലൂക്കിൽ, പുത്തൂർ, പള്ളിക്കൽ തേഞ്ഞിപ്പലം എന്നീ വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന കാലിക്കറ്റ് സർവ്വകലാശാല കോമ്പൗണ്ടിൽ ഭൂമിയുടെ ഉടമസ്ഥാവകാശം സർവ്വകലാശാല യിൽ നിലനിർത്തിക്കൊണ്ട് ഫയർ & റെസ്ക്യൂ സ്റ്റേഷന് കെട്ടിടം പണിയുന്നതിന് സർവ്വകലാശാല അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണത്തിനായി എത്ര സെന്റ് സ്ഥലം വിട്ട് നൽകുമെന്ന് വ്യക്തമാക്കിയിട്ടില്ല. ടി വിവരങ്ങൾ അറിയിക്കുന്നതിന് സർവ്വകലാശാല രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ